# 6

# “ആരാണ് സ്വർഗ്ഗത്തിൽ”

‘‘സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു’’ (യിരെമ്യാവു 66:1) എന്നു യഹോവ അരുളിച്ചെയ്തു. ഇപ്പോഴുള്ള നമ്മുടെ വാസസ്ഥലം ദൈവത്തിന്റെ പാദപീഠം മാത്രമാണ്. അവന്റെ ദൃഷ്ടിയിൽ നാം വെറും വെട്ടുക്കിളികളെ പോലെയാണ് (യിരെമ്യാവു 40:22). സാധാരണ മനുഷ്യനു ദൈവത്തിന്റെ ആഴങ്ങളെ അറിയാൻ സാധ്യമല്ല (1 കൊരിന്ത്യർ 2:10, 14); യേശു “സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവു” എന്നു പറഞ്ഞപ്പോൾ നമുക്ക് എല്ലാം അറിയില്ല (മത്തായി 6:9) അധികവും, അതെന്താണെന്നു, നമുക്കു വെളിവായിട്ടില്ല (1 യോഹന്നാൻ 3:2).

എന്നിരുന്നാലും, ചില കാര്യങ്ങൾ ദൈവം തന്റെ ശ്വാസിയനായ പുരുഷന്മാരിൽകൂടെ വെളിപ്പെടുത്തിയിട്ടുണ്ട്. തൽഫലമായി, വിശുദ്ധ തിരുവെഴുത്തുകളിൽ (ദൈവശ്വാസിയമായ), പ്രപഞ്ചത്തെ സംബന്ധിച്ചു പൂർണ്ണമായും അജ്ഞരായിരിക്കേണ്ടതില്ല. നമുക്കു വരുവാനുള്ള ലോകത്തിന്റെ ശക്തികൾ ആസ്വദിക്കുവാൻ കഴിയും (എബ്രായർ 6:5), ദൈവം ഉള്ള സ്വർഗ്ഗത്തെക്കുറിച്ചുള്ള ചില വിവരങ്ങളും ദൈവം നല്കിയിട്ടുണ്ട്.

### വിവിധ സ്വർഗ്ഗങ്ങൾ

ബൈബിളിൽ വിവിധ സ്വർഗ്ഗങ്ങളെക്കുറിച്ചു പറയുന്നുണ്ടെങ്കിലും, ‘‘ഏഴു സ്വർഗ്ഗങ്ങൾ’’ മനുഷ്യരിൽ നിന്നും ആരംഭിച്ചതാണ്. തിരുവെഴുത്തിൽ പറയുന്ന സ്വർഗ്ഗങ്ങളിൽ ഒന്നു പക്ഷികൾ പറക്കുന്ന ആകാശമാണ്: “ഭൂമിയുടെ മീതെ ആകാശവിതാനത്തിൽ പറവജാതി പറക്കട്ടെ എന്നു ദൈവം കല്പിച്ചു’’ (ഉല്പത്തി 1:20). പക്ഷികൾ പറക്കുന്നതും വായുവും മേഘങ്ങളും ഉള്ള സ്വർഗ്ഗത്തിനു മുകളിൽ, എണ്ണിക്കൂടാത്ത നക്ഷത്രങ്ങൾ, സൂര്യൻ, ചന്ദ്രൻ മറ്റു ഗ്രഹങ്ങളും ഉള്ള വേറൊരുസ്ഥാനമുണ്ട്. അതും തിരുവെഴുത്തിൽ സ്വർഗ്ഗം എന്നാണ് പറഞ്ഞിരിക്കുന്നത്: ‘‘ആകാശ വിതാനത്തിൽ അവ വെളിച്ചങ്ങ ളായിരിക്കട്ടെ എന്നു ദൈവം കല്പിച്ചു” (ഉല്പത്തി 1:14).

പക്ഷികൾ പറക്കുന്ന ആകാശം ഒന്നാം സ്വർഗ്ഗം ആണെന്നോ അതിനു മുകളിലുള്ളതു രണ്ടാം സ്വർഗ്ഗമാണെന്നോ, എനിക്കറിയില്ല

എങ്ങനെയായാലും, മൂന്നാം സ്വർഗ്ഗത്തെക്കുറിച്ചു നാം അജ്ഞരായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല അതിനെ പറുദീസ എന്നു വിളിച്ചിരിക്കുന്നു. ആ സ്ഥലത്തേക്കു യേശുവും ക്രൂശിലെ കള്ളനും പോയി (ലൂക്കൊസ് 23:43), പൗലൊസും പോയി (2 കൊരിന്ത്യർ 12:2, 4). മൂന്നാം സ്വർഗ്ഗത്തിൽ നിന്നു യേശുവും പൗലൊസും മടങ്ങിവന്നു. അവർ പറുദീസയിൽ പോയെങ്കിലും, അപ്പോൾ അവർ പിതാവിന്റെ അടുക്കൽ പോയിരുന്നില്ല; കാരണം മൂന്നാം സ്വർഗ്ഗത്തിൽ പോയി വന്ന ശേഷം യേശു പറഞ്ഞു, "ഞാൻ ഇതു വരെ പിതാവിന്റെ അടുക്കൽ കയറിപ്പോയിട്ടില്ല" (യോഹന്നാൻ 20:17).

**ദൈവം ഉള്ള സ്വർഗ്ഗം**

ജ്യോതി ശാസ്ത്രജ്ഞന്മാർക്കു ദൈവത്തിന്റെ സിംഹാസനം സ്വർഗ്ഗത്തിൽ കണ്ടുപിടിക്കുവാൻ കഴിയാത്തതുകൊണ്ട് അതൊരു കെട്ടുകഥയാണെന്നാണ് അവിശ്വാസികൾ പറയുന്നത്. അവിടെ ജീവൻ നിലനില്ക്കുകയോ, നിർവ്വചിക്കയോ ചെയ്യാൻ കഴിയാത്തതുകൊണ്ട്, അവരുടെ അതേ തെറ്റിനാൽ "തെളിയിക്കുന്നത്" അവിടെ ജീവനില്ല എന്നാണ്. പരിമിതമായ ദൂരദർശിനികൊണ്ട് പരിധിയില്ലാത്ത ദൈവത്തിന്റെ അസ്ഥിത്വത്തെ കാണാൻ കഴിഞ്ഞിട്ടില്ല എന്നതുകൊണ്ട്, അവരുടെ കാഴ്ച്ചയിൽ ലൗകികമല്ലാത്ത സ്വർഗ്ഗം ഇല്ല എന്നു പറയാൻ സാധ്യമല്ല. "ദൈവം ആത്മാവാണ്" (യോഹന്നാൻ 4:24). "ആത്മാവിനു അസ്ഥിയും മാംസവുമില്ല" (ലൂക്കൊസ് 24:39), എന്നാൽ "അദൃശ്യനാണ്" (കൊലൊസ്യർ 1:15).

അതിൽ കൂടുതലായി, മനുഷ്യരായ നാം ജ്യോതിശാസ്ത്രജ്ഞരുടെ പ്രപഞ്ചത്തിന്റെ അപാരതയെക്കുറിച്ചുള്ള കണ്ടുപിടുത്തങ്ങളിൽ അതിശയിച്ചു പോകാറുണ്ടെങ്കിലും അവിശ്വാസികൾ താഴ്മയോടെ പറയണം, ''ദുരദർശനിക്കപ്പുറം എന്താണ് ഭൗതിക ശൂന്യാകാശത്തിലുള്ളതെന്നു ഞങ്ങൾക്കു അറിഞ്ഞുകൂടാ.'' അവിശ്വാസികൾ അധികം ഉയർന്നു ചിന്തിക്കുന്നവരോ, അല്ലെങ്കിൽ അവരുടെ ചിന്തകൾ മാത്രമാണ് ശരി എന്നോ കരുതരുത്. ഇയ്യോബിന്റേതുപോലെ അവരുടെ ആത്മാക്കൾ നുറുങ്ങിയെങ്കിൽ കൊള്ളാമായിരുന്നു: ''അങ്ങനെ എനിക്കറിഞ്ഞുകൂടാതവണ്ണം അത്ഭുതമേറിയതു ഞാൻ തിരിച്ചറിയാതെ പറഞ്ഞു പോയി. കേൾക്കേണമേ ഞാൻ സംസാരിക്കും; ... ആകയാൽ ഞാൻ എന്നെത്തന്നെ വെറുത്തു ചാരത്തിലും പൊടിയിലും കിടന്നു അനുതപിക്കുന്നു'' (ഇയ്യോബ് 42:3-6).

സ്വർഗ്ഗം ഇല്ല എന്നു പറയുന്നവർ കരുതുന്നതിനു തങ്ങൾക്കു പ്രപഞ്ചത്തെക്കുറിച്ചു പൂർണ്ണമായ അറിവുണ്ടെന്നു മാത്രമല്ല, നമ്മുടെ ശൂന്യാകാശത്തിനപ്പുറത്തെക്കുറിച്ചും അറിയാമെന്ന മിഥ്യാധാരണയാണുള്ളത് തീർച്ചയായും, അത്തരം പ്രസ്താവന നടത്തുവാൻ സർവ്വജ്ഞാനിയാകണം. സ്വർഗ്ഗം ഉണ്ടെന്നതു നിഷേധിക്കുവാൻ ഒരാൾക്ക് എല്ലാ അറിവും വേണം, ഒരാൾക്കു ഏതെങ്കിലും ഒന്ന് അറിയാത്തതായി ഉണ്ടെങ്കിൽ, അതു സ്വർഗ്ഗമാകാം. അതിൽ കൂടുതലായി, ഒരാൾ സ്വർഗ്ഗീയസ്ഥാനം നിഷേധിക്കുവാനായി അയാൾ സർവ്വവ്യാപി

ആയിരിക്കണം, അയാൾ എവിടെയെങ്കിലും പോകാത്ത സ്ഥലം ഉണ്ടെങ്കിൽ, അതു സ്വർഗ്ഗം ആയിരിക്കാം. അവിശ്വാസികൾ അങ്ങനെ പറയുന്നു എങ്കിലും, കൂടുതൽ പ്രസാദകരവും കാര്യകാരണ സഹിതവുമായ പ്രസ്താവന ദാവീദിന്റെ സ്വഭാവത്തിൽ ഉണ്ട്:

> യഹോവേ എന്റെ ഹൃദയം ഗർവ്വിച്ചിരിക്കുന്നില്ല, ഞാൻ നിഗളിച്ചു നടക്കുന്നില്ല; എന്റെ ബുദ്ധിക്കെത്താത്ത വൻകാര്യങ്ങളിലും അത്ഭുത വിഷയങ്ങളിലും, ഞാൻ ഇടപെടുന്നതുമില്ല. ഞാൻ എന്റെ പ്രാണനെ താലോലിച്ചു മിണ്ടാതാക്കിയിരിക്കുന്നു; തന്റെ അമ്മയുടെ അടുക്കൽ മുലകുടിമാറിയ പൈതൽ എന്നപോലെ, എന്റെ പ്രാണൻ എന്റെ അടുക്കൽ മുലകുടിമാറിയതു പോലെ ആകുന്നു (സങ്കീർത്തനങ്ങൾ 131:1, 2).

യേശു സ്വർഗ്ഗത്തിലേക്കു (പ്രവൃത്തികൾ 1:9) "പോയി" എന്നതിനെ അവിശ്വാസികൾ പറയുന്നതു പന്ത്രണ്ടു മണിക്കൂർ കഴിഞ്ഞ് (ഭൂമിയുടെ കറക്കം കാരണം) സ്വർഗ്ഗം "താഴെ" വന്നു എന്നാണ്. അതുകൊണ്ട് അവർ യേശുവിനെയും ബൈബിളിനേയും നോക്കി ചിരിക്കുന്നു. ദൈവം വസിക്കുന്നതു ഭൗതിക സ്ഥലത്താണെങ്കിൽ, ഒരേ സമയത്തു പ്രപഞ്ചത്തിന്റെ എല്ലാവശത്തിലും സ്വർഗ്ഗം ഉണ്ടെങ്കിലും, നമ്മുടേതു പൂർണ്ണമായി മൂടപ്പെടും. തന്റെ സ്നേഹിതരെ അവൻ പിതാവിന്റെ ഭവനത്തിലേക്കു കൊണ്ടുപോകും എന്ന വാഗ്ദാനം വാസ്തവത്തിൽ അറിയുന്ന വലിയ സർവ്വജ്ഞാനിയായ ഉപദേഷ്ടാവിന്റെ അടുക്കൽ തന്നെ പോകണം.

### ദൈവത്തിന്റെ സ്വർഗ്ഗം

പിതാവു വസിക്കുന്ന സ്വർഗ്ഗത്തിൽ ''മറ്റാരും കയറിയിട്ടില്ല'' (യോഹന്നാൻ 3:13) - യേശു ഒഴിച്ചു, മറ്റാരും എന്നർത്ഥം. അവൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നവനായതുകൊണ്ടു സ്വർഗ്ഗത്തിലേക്കു പോയി പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്നു. ദൈവം വസിക്കുന്ന സ്ഥലത്തെ ശലോമോൻ പറഞ്ഞത് ''സ്വർഗ്ഗാധിസ്വർഗ്ഗം'' എന്നാണ് (1 രാജാക്കന്മാർ 8:27). ആ മഹത്തായ വാസസ്ഥാനത്തെ ഉറ്റുനോക്കുവാൻ യെശയ്യാ പ്രവാചകനും അപ്പൊസ്തലനായ യോഹന്നാനും ശ്രമിച്ചു, നിങ്ങൾക്കും എനിക്കും അവിടെ എന്നേക്കും വസിക്കുവാനുള്ള അനുവാദവുമുണ്ട്. ഒരു വൈഡൂര്യക്കല്ലുപോലെ നമ്മുടെ കർത്താവു ഉയർന്നും പൊങ്ങിയുമിരിക്കുന്ന സ്ഥാനമുണ്ട്. അവന്റെ തലക്കു മുകളിൽ എമെറാൾഡുപോലെ മഴവില്ലുമുണ്ട്. പതിനായിരക്കണക്കിനു ദൂതന്മാർ അവനെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. സെറാഫുകൾ - അവരുടെ കണ്ണുകളും കാലുകളുംമൂടി - സിംഹാസനത്തിനു ചുറ്റും കറങ്ങി ഓരോരുത്തരും പറയുന്നു, ''സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, ഭൂമി മുഴുവൻ അവന്റെ തേജസ്സു കൊണ്ടു നിറഞ്ഞു'' (യെശയ്യാവു 6:3; എ.എസ്.വി).

ഭൂമിയിൽ ആയിരുന്നപ്പോൾ മുൻപുണ്ടായിരുന്ന സ്വർഗ്ഗീയവാസം

അവൻ ഓർത്തു, മടങ്ങി പോകുവാനുള്ള യോഗ്യത നേടി പറഞ്ഞു: "ഇപ്പോൾ പിതാവേ, ലോകം ഉണ്ടാകും മുമ്പേ, എനിക്കു നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തേണമേ" (യോഹന്നാൻ 17:5).

അത്തരം പരമോന്നതവും മഹത്വകരവുമായ സ്ഥലമാണ് സ്വർഗ്ഗാധിസ്വർഗ്ഗം എങ്കിൽ, എല്ലാ മനുഷ്യരുടെയും ദൂതന്മാരുടേയും മേൽ അധികാരം അവിടെ കേന്ദ്രീകരിച്ചിരിക്കും. ആ സിംഹാസനത്തിലിരുന്നു സംസാരിക്കുന്നതു കേൾക്കുവാൻ കാതോർപ്പിച്ചിരിക്കണം എല്ലാ കാതുകളും ''എന്നാൽ യഹോവ തന്റെ വിശുദ്ധമന്ദിരത്തിൽ ഉണ്ട്. സർവ്വ ഭൂമിയും അവന്റെ സന്നിധിയിൽ മൗനമായിരിക്കട്ടെ" (ഹബക്കൂക്ക് 2:20; ഏ.എസ്.വി).

അതുകൊണ്ടു മനുഷ്യർക്കു സമ്മേളനം വിളിച്ചു, വിവാഹമോചനം, മദ്യപാനം, സ്നാനം, നൃത്തം - തുടങ്ങിയ വിഷയങ്ങളെക്കുറിച്ചു എന്താണ് ശരി എന്നു വോട്ടിട്ട് തീരുമാനിക്കാവുന്നതല്ല. "മനുഷ്യനു തന്റെ കാലടികളെ നേരെയാക്കുവാനും സാധ്യമല്ല" (യിരെമ്യാവു 10:23), കാരണം അവന്റെ വഴികൾ അവനിൽ അല്ല, അവൻ പാപിയായ മർത്യൻ അത്രേ. സമ്മേളനങ്ങൾക്കു അവരുടെ ബലഹീനതകളും പാപങ്ങളും ഉയർത്തിക്കാണിക്കുവാനേ കഴിയു എന്നതുകൊണ്ട്, ഒരാൾക്കു ദൈവാലയത്തിൽ ഇരുന്നു ദൈവത്തെപോലെ സംസാരിക്കുവാൻ സാധ്യമല്ല. ശേഷമുള്ളവർക്കു വേണ്ടി ഒരാളോ ഒന്നിലധികം പേരോ നിയമാവലി ഉണ്ടാക്കുവാൻ യോഗ്യരല്ല.

ഉപദേഷ്ടാക്കന്മാർ ചിലപ്പോൾ പരിവർത്തകരോടു "നിങ്ങൾക്കു ഇഷ്ടമുള്ള സഭയിൽ ചേരാം" എന്നു പറഞ്ഞു കേൾക്കാറുണ്ട്. അവർ അങ്ങനെ ചെയ്യണമെന്ന ഉദ്ദേശത്തിലായിരിക്കയില്ല പറയുന്നതെങ്കിലും, അവർ വാസ്തവത്തിൽ സ്വർഗ്ഗീയ പിതാവിനെ സിംഹാസന ഭ്രഷ്ഠനാക്കുകയാണ്. ശിഷ്യന്മാരുടെ ആ പ്രാർത്ഥന "സ്വർഗ്ഗത്തിൽ" എന്നതു അവർ വ്യർഥമാക്കുന്നു. പരിവർത്തകർക്കു പ്രവേശിക്കുവാനല്ലേ ദൈവം സഭ തിരഞ്ഞെടുത്തത്? പിന്നെ, മനപൂർവ്വം അല്ലെങ്കിലും, അത്തരം ഉപദേഷ്ടാക്കന്മാർ രക്ഷിക്കാൻ കഴിവുള്ള ഏകവ്യക്തിയിൽ നിന്നു പാപികളെ ഉയർത്തുകയാണ്.

പരിവർത്തനത്തിനു ആളുകൾക്ക് ''ഇഷ്ടമുള്ള സ്നാനം തിരഞ്ഞെടുക്കാം'' എന്നു പറഞ്ഞാൽ - കോരി ഒഴിച്ചോ, തളിച്ചോ, അല്ലെങ്കിൽ മുങ്ങിയോ ആകാം എന്നു പറഞ്ഞാൽ - ഒന്നിലധികം തെറ്റുകൾ സംഭവിക്കുന്നു. അടിസ്ഥാനപരമായ തെറ്റു എന്തെന്നാൽ അവർ സ്നാനത്തെ തെറ്റിദ്ധരിച്ചിരിക്കയാണ്, അവർ വിചാരിക്കുന്നത് ഒരാൾ എങ്ങനെ സ്നാനം ഏറ്റാലും വ്യത്യാസം ഇല്ല എന്നാണ്. സ്നാനം ഏല്ക്കുന്ന ആൾ മുങ്ങുന്നതു വരെ മുൻപോട്ടു ചായുകയോ മെനോഹൈറ്റ്സ് ചെയ്യുന്നതുപോലെ, അല്ലെങ്കിൽ മിക്കവരും ചെയ്യുന്നതുപോലെ മുങ്ങുന്നതു വരെ പുറകോട്ടു ചായുക എന്നല്ലെങ്കിൽ "എങ്ങനെ" സ്നാനം ഏല്ക്കണം എന്നതു ഒരു മിസ്നോമർ ആകും.

റോബെർട്ട് റിച്ചാർഡ്സൺ പറഞ്ഞതനുസരിച്ചു തോമസ് കാംമ്പെൽ ആദ്യം ഒരു കുളത്തിൽ സ്നാനപ്പെടുത്തിയപ്പോൾ അവിടെ

“പൊങ്ങി നിന്ന വേരിൽ നിന്നു അവരെ [സ്നാനപ്പെടുവാൻ വന്നവരെ] തല പിടിച്ചു വെള്ളമാകുന്ന കല്ലറയിൽ മുഴുവൻ മുക്കിയിരുന്നു” എന്നു വ്യക്തമാകുന്നു. വെള്ളത്തിനരികിൽ ഒരു പരിവർത്തകൻ ആത്മാർത്ഥമായി എൻ ബി ഹാർഡ്മാനോടു ചോദിച്ചു “എനിക്കു എന്തുകൊണ്ട് നേരെ സ്നാനപ്പെട്ടുകൂടാ?'' കാരാഗൃഹപ്രമാണി സ്നാനപ്പെട്ടതുപോലെ സ്നാനപ്പെടണമെന്നു ശഠിച്ച ഉപദേഷ്ടാവിനോട് ഗസ്നിക്കോർസ് പറയുന്നു (പ്രവൃത്തികൾ 16:33; കെജെവി). ഈ സന്ദർഭങ്ങൾ സ്നാനത്തിന്റെ ''രീതി” പറയുന്നില്ലെങ്കിൽ, ഒന്നുമില്ല. ദൈവം കല്പിച്ചിരിക്കുന്ന സ്നാനം മുങ്ങൽ ആണ്.

“നിങ്ങളുടെ ഇഷ്ടപ്രകാരം” സ്നാനം ഏല്ക്കുവാൻ അനുവാദം കൊടുക്കുന്ന ആളുകൾ ചെയ്യുന്ന തെറ്റു നമ്മെ ആകുലപ്പെടുത്തുന്നതു എന്തെന്നാൽ “എങ്ങനെ സ്നാനപ്പെടണം” എന്നതിനു തിരഞ്ഞെടുപ്പു ദൈവം നല്കിയിട്ടില്ല എന്നതാണ്. വാസ്തവം എന്തെന്നാൽ, പാപിയായ മനുഷ്യനു തന്റെ കാലടികളെ നേരെയാക്കുവാൻ സാധ്യമല്ല എന്നതാണ്. സ്നാനം കല്പിച്ചവൻ പാപം കൂടാതെ ജീവിച്ചവനും, അടുത്തുകൂടാത്തവെളിച്ചത്തിൽ വസിക്കുന്നവനും ആണ്. അതുകൊണ്ട് ''എങ്ങനെ” സ്നാനം ഏല്ക്കണം എന്നു പറയുവാൻ മനുഷ്യർക്ക് അവകാശമില്ല.

അതുകൊണ്ട്, ''സ്വർഗ്ഗത്തിൽ ഉള്ള'' ദൈവത്തോടു ഞാൻ പ്രാർത്ഥിക്കുമ്പോൾ, അവൻ പൂർണ്ണാധികാരിയായിട്ടാണിരിക്കുന്നത്. അത്തരം സ്വഭാവത്തോടെ ഞാൻ പ്രാർത്ഥിക്കുമ്പോൾ, ഞാൻ ദൈവത്തിന്റെ സർവ്വശക്തിയെയും, അവന്റെ പരമാധികാര ജ്ഞാനത്തെയും നിമിത്തം മാത്രമല്ല; അവൻ സ്വർഗ്ഗത്തിൽ ഉള്ളതുകൊണ്ടുകൂടെ ഞാൻ അവനെ സ്തുതിക്കുന്നു. രാജാവായിരുന്ന യെഹോശാഫാത്തിന്റെ പുകഴ്ച്ചയെ ഞാൻ ശ്രദ്ധിക്കുന്നു:

> ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവേ, നീ സ്വർഗ്ഗസ്ഥനായ ദൈവമല്ലൊ? നീ ജാതികളുടെ സകല രാജ്യങ്ങളേയും ഭരിക്കുന്നവനല്ലൊ? ആർക്കും എതിർപ്പാൻ കഴിയാത്ത ശക്തിയും പരാക്രമവും നിനക്കുണ്ടല്ലൊ (2 ദിനവൃത്താന്തം 20:6).

ഭൂമിയിലെ മർത്യരോടു തങ്ങളുടെ ഭൂമിയിലെ സംസാരം വളരെ സൂക്ഷിച്ചു വേണമെന്നു ശലോമോൻ രാജാവ് പറയുവാനുള്ള കാരണങ്ങളിൽ ഒന്ന് ഇതാകാം: “ദൈവം സ്വർഗ്ഗത്തിലും ഭൂമിയിലും അല്ലെ; ആകയാൽ നിന്റെ വാക്ക് ചുരുക്കമായിരിക്കട്ടെ” (സഭാപ്രസംഗി 5:2).

അത്യുന്നതനായ ''സ്വർഗ്ഗത്തിൽ വസിക്കുന്നവൻ'' എന്നു പ്രാർത്ഥിക്കുമ്പോൾ പറയുന്നവന്റെ ഗുണങ്ങൾ, അവന്റെ വാഴ്ച്ച സ്വർഗ്ഗത്തിലും ഭൂമിയിലും, ഭൂമിക്കു കീഴിലും, ഇന്നലെയും ഇന്നും നാളെയും ഉള്ളവൻ എന്നതു കൂടെ ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത്, അവൻ പകലും രാത്രിയും കാണുന്നവനാണ്, അമേരിക്കയിലും, ചൈനയിലും, അവന്റെ കണ്ണുകൾ, ഞാൻ നടക്കുമ്പോഴും,

ഇരിക്കുമ്പോഴും അവൻ മനുഷ്യപുത്രന്മാരെ നോക്കുന്നു (സങ്കീർത്തനങ്ങൾ 11:4) അതെങ്ങനെ എന്നു എനിക്കു മനസ്സിലാകുന്നില്ല; അത്തരം അറിവു അത്ഭുതാവഹമാണ്; അതു ഏറ്റവും ഉയർന്നതുമാണ് എന്നതു അതു കിട്ടുവാനും ഇടയില്ല (സങ്കീർത്തനങ്ങൾ 139:1-16). ഞാൻ ദൂരെ ഇരുന്നു ചിന്തിക്കുന്നതും അവൻ മനസ്സിലാക്കുന്നു. ഞാൻ ജനിക്കുന്നതിനു മുൻപു തന്നെ എനിക്കുവേണ്ടി അവന്റെ പദ്ധതിയുണ്ടായിരുന്നു: "ഞാൻ പിണ്ഡാകാരമായിരുന്നപ്പോൾ നിന്റെ കണ്ണു എന്നെ കണ്ടു; നിയമിക്കപ്പെട്ട നാളുകളിൽ ഒന്നും ഇല്ലായിരുന്നപ്പോൾ, അവയെല്ലാം നിന്റെ പുസ്തകത്തിൽ എഴുതിയിരുന്നു'' (സങ്കീർത്തനങ്ങൾ 139:16).

കയിൻ വയലിൽ വെച്ചു നിരപരാധിയായ തന്റെ സഹോദരനെ കൊന്നപ്പോൾ എല്ലാം - കാണുന്ന ദൈവം അറിയുന്നുണ്ടായിരുന്നു. ബാബേലിലെ മികച്ച സ്വർണ്ണവും, വെള്ളിയും ശേക്കേലും മോഷ്ടിക്കുമ്പോഴും അവൻ അറിയുന്നുണ്ടായിരുന്നു. ഒരു വഞ്ചകനെ ഒരു വയോധികനായ, അന്ധനായ പ്രവാചകൻ വന്ദനം ചെയ്തപ്പോൾ സർവ്വവും - അറിയുന്ന സർവ്വ - വ്യാപിയായ ദൈവം സ്വർഗ്ഗത്തിൽ നിന്നു അറിയുന്നുണ്ടായിരുന്നു: ''യൊരോബെയാമിന്റെ ഭാര്യയേ; അകത്തു വരിക, നീ ഒരു അന്യസ്ത്രീ എന്നു നടിക്കുന്നതു എന്തിനു?'' (1 രാജാക്കന്മാർ 14:6). അവിശ്വസ്ത ദാസനായ ഗേഹസി വസ്ത്രങ്ങളും വെള്ളിയും മോഷ്ടിച്ചപ്പോൾ പ്രവാചകനായ ഏലീശക്കു സ്വർഗ്ഗത്തിൽ നിന്നു കാണുന്നവൻ വെളിപ്പെടുത്തികൊടുത്തു: ''എന്റെ ഹൃദയം നിന്നോടുകൂടെ പോന്നിരുന്നില്ലയോ ... ?" (2 രാജാക്കന്മാർ 5:26).

എല്ലാം ദൈവം - കാണുന്നതുകൊണ്ട് ദുഷ്ടന്മാർ ഭയന്നു വിറക്കും എന്നാൽ നന്മ പ്രവർത്തിക്കുന്നവരോ ആശ്വസിക്കപ്പെടും. ദുഷ്ടത കാണുന്ന കണ്ണുകൾ സകല സൽപ്രവൃത്തികളും കാണും. ദൈവം നീതിമാനാണ്. ആവശ്യമുള്ളവർക്കു നിങ്ങൾ ചെയ്യുന്ന വിശ്വാസ പ്രവൃത്തികളും സ്നേഹപ്രയത്നവും അവൻ മറക്കുകയില്ല. ഒരു ദൈവ പൈതലിനെതിരായ പ്രവൃത്തികൾ മാത്രമല്ല; അവൻ കാണുന്നത്, അവന്റെ ഏറ്റവും ചെറിയ ഒരുത്തനു ചെയ്യുന്ന ദയാപ്രവൃത്തികൾ ഓരോന്നും അവൻ കാണുന്നുണ്ട്.

## സ്വർഗ്ഗത്തിൽ നിന്നും ദൈവത്തിന്റെ ശ്രദ്ധ

നിങ്ങൾക്കു വലിയ കാര്യങ്ങൾ ചെയ്യുവാൻ സാധ്യമല്ല എന്ന വിലയേറിയ കാര്യം ശ്രദ്ധിക്കുന്നവനാണ് സ്വർഗ്ഗത്തിലുള്ളത്. ഒരു പാത്രം വെള്ളം ആയിരിക്കാം നിങ്ങൾക്കു കൊടുപ്പാൻ കഴിയുന്നത്, അതു നല്കുവാൻ, നിങ്ങളുടെ ഹൃദയം ചലിക്കട്ടെ; നിങ്ങൾക്കു പ്രതിഫലം കിട്ടാതിരിക്കയില്ല. ഒരു പക്ഷെ ആവശ്യമുള്ളവരുടെ വാതില്ക്കൽ നിങ്ങൾ ഒരു ചാക്ക് അരി എത്തിക്കുന്നതു ഭൂമിയിലുള്ള കണ്ണുകൾ ശ്രദ്ധിച്ചെന്നു വരികയില്ല, പക്ഷെ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു രഹസ്യങ്ങൾ കാണുകയും പലിശയോടുകൂടെ നിങ്ങൾക്കു തിരിച്ചു തരികയും ചെയ്യും.

സ്വർഗ്ഗത്തിൽ നിന്നുള്ള സുവിശേഷം നിങ്ങളുടെ അയൽക്കാരനോടു

നിങ്ങൾ പങ്കിടുകയും അയാൾ യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കേണ്ട ആവശ്യം ബോധ്യപ്പെടുത്തുകയും ചെയ്തു. കാരണം അതിനു ഉപദേഷ്ടാവിൽ നിന്നു അനുമോദനമൊന്നും കിട്ടിക്കാണുകയില്ല, എന്നാൽ നിങ്ങൾ നിങ്ങളുടെ പ്രവൃത്തി ചെയ്തതു അത്തരം അനുമോദനത്തിനല്ല. നിങ്ങൾ സന്തോഷിക്കേണ്ടത് നിങ്ങളുടെ നീതീകരണത്തിലും, പാപങ്ങളിൽ നിന്നു ലഭിച്ച സ്വാതന്ത്ര്യത്തിലും ആണ്, അതിനു അനുമോദിക്കേണ്ടത് യേശുവിനെയുമാണ്, അതുപോലെ നിങ്ങളുടെ അയൽക്കാരനും ആ മഹത്തായതും നിലനില്ക്കുന്നതുമായ അനുഭവങ്ങൾ മറ്റുള്ളവരോടു പങ്കിടണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നു. എല്ലാം - കാണുന്ന കണ്ണുകൾ നിങ്ങളുടെ മാനസാന്തരവും പ്രേരിപ്പിക്കുന്ന പ്രകടനവും കാണുന്നുണ്ട്; അതു പാപിയെ പരിവർത്തനം ചെയ്യിക്കുവാൻ നിങ്ങൾ പരിശ്രമിക്കുമ്പോൾ ആ കണ്ണുകൾ നിങ്ങളുടെ ഹൃദയത്തിലേക്ക് ഇറങ്ങി ചെല്ലും. ആകാശവിതാനത്തിലെ പ്രകാശം പോലെ നിങ്ങൾ ആകണമെന്നു ദൈവം ആഗ്രഹിക്കുന്നു. കാരണം അവന്റെ വാഗ്ദാനം “പലരേയും നീതിയിലേക്കു തിരിക്കുന്നവർ” ആകാശത്തിലെ നക്ഷത്രങ്ങളെപോലെ എന്നേക്കും പ്രകാശിക്കും (ദാനിയേൽ 12:3).

ദൈവം ശ്രദ്ധിക്കുന്നവനാണ് എന്നതു എത്ര ആശ്വാസകരവും ശക്തിപ്പെടുത്തുന്നതുമാണ്! നിങ്ങളെക്കുറിച്ചു ആളുകൾ എന്തു പറയുന്നു എന്നതോ, ആളുകൾ എന്തു ചെയ്യുന്നു എന്നതോ കണക്കാക്കാതെ, നമ്മെകാണുന്ന പിതാവിനോടുള്ള ഭക്തി മങ്ങാതെ, അവന്റെ വലിയ വാഗ്ദാനത്തിൽ നിങ്ങൾക്കു ആശ്രയിക്കാം: “യഹോവയുടെ കണ്ണു തങ്കൽ ഏകാഗ്ര ചിത്തന്മാരായിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിന്നു ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു” (2 ദിനവൃത്താന്തങ്ങൾ 16:9).

## സ്വർഗ്ഗം സമീപമാണ്

ഉയർന്നും പൊങ്ങിയുമായ സ്വർഗ്ഗത്തിൽ ആണ് ദൈവം എന്നു പറയുമ്പോൾ നമ്മുടെ ദൈവം ദൂരസ്ഥനാണ് എന്നു കരുതരുത്. അവൻ, എല്ലാവരിലും മീതെയാണ് എന്നതു സത്യമാണ്, എന്നാൽ അവൻ എല്ലാവരിലും, എല്ലാവരിൽ കൂടെയും ആണ് (എഫെസ്യർ 4:6). അവൻ സ്വർഗ്ഗത്തിൽ വാഴുക മാത്രമല്ല, ക്രിസ്തുവിന്റേതായിത്തീർന്നവരുടെ ഹൃദയത്തിൽ അവൻ ജീവിക്കുന്നു. നിങ്ങൾ സുവിശേഷം അനുസരിക്കുമ്പോൾ സ്വർഗ്ഗത്തിൽ നിന്നു അതിഥികൾ വരുന്നു. നിങ്ങൾ സ്നാനം ഏല്ക്കുമ്പോൾ, ദൈവം തന്റെ ആത്മാവിനെ ദാനമായി നിങ്ങളിലേക്കു അയക്കുന്നതു നിങ്ങളെ നിത്യമായി വീണ്ടെടുക്കാമെന്ന ഉറപ്പോടെ എന്നേക്കും - വസിക്കേണ്ടതിനു നല്കുകയും ചെയ്യുന്നു (പ്രവൃത്തികൾ 2:38; 5:32; ഗലാത്യർ 4:6; എഫെസ്യർ 1:13, 14). പരിശുദ്ധാത്മാവിനു പുറമെ (1 കൊരിന്ത്യർ 6:19), വിലയേറിയ രണ്ടു സന്ദർശകർ കൂടെയുണ്ട്: “എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും, എന്റെ പിതാവു അവനെ സ്നേഹിക്കും, ഞങ്ങൾ അവന്റെ

അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും" (യോഹന്നാൻ 14:23).

സ്വർഗ്ഗീയ ദൈവം അവന്റെ ആലയത്തിൽ ഇരിക്കയും (സങ്കീർത്തനങ്ങൾ 11:4), അതേ സമയം നിങ്ങളിൽ വസിക്കയും ചെയ്യും എന്നതു, എങ്ങനെ എന്നു എന്നോടു ചോദിച്ചാൽ, "അതെനിക്കറി ഞ്ഞുകൂടാ, എന്നാൽ അവൻ അങ്ങനെ ചെയ്യുമെന്ന് അറിയാം" എന്നു പറയും. ദൈവം വിശ്വസ്തനാണ് (2 തിമൊഥെയൊസ് 2:13), തിരുവെഴുത്തു വ്യർത്ഥമാവാകയുമില്ല (യോഹന്നാൻ 10:35). ക്രിസ്തു സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്താണ് (1 പത്രൊസ് 3:22), പക്ഷെ ഓരോ കർത്തൃദിവസവും ഭൂമിയിലുള്ള വിശുദ്ധന്മാരോടൊപ്പം അവൻ കർത്തൃമേശ ആചരിക്കുന്നു (മത്തായി 26:29). ഒരേ സമയത്ത് ഉയർന്ന തേജസ്സിൽ ഇരിപ്പാനും ചെറിയ ഒരു വീട്ടിൽ രണ്ടോ മൂന്നോ പേർ അവന്റെ അധികാരത്തിൽ കൂടി വരികയും ചെയ്യുന്നിടത്തു അവൻ സന്നിഹിതനാകും (മത്തായി 18:20). പിതാവിന്റെ ഉയർന്ന സ്ഥാനവും ദൈവഭക്തിയുള്ളവരിൽ അവന്റെ സമീപസാന്നിധ്യവും അവർണ്ണ നീയമാണ്, പക്ഷെ അതു കാര്യകാരണ സഹിതം മുന്നറിയിച്ചിട്ടുള്ള വസ്തുതയാണ്. യെശയ്യാവു എഴുതി,

> ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വത വാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളി ചെയ്യുന്നു, "ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു, താഴ്മയുള്ളവരുടെ മനസ്സിന്നു മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയമുള്ളവരോടു കൂടെയും വസിക്കുന്നു" (യെശയ്യാവു 57:15).

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിനോടു പ്രാർത്ഥിക്കുവിൻ.

© 2009 Truth for Today